# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *159 — 17.06.2013 ലെ മറുപടിക്ക്

## ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.എം.എ.ബേബി
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.എം.ഹംസ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; നിലവിലുള്ള സ്ഥിതി വിലയിരുത്തുകയുണ്ടായോ ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പു-കളിലെ ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പുതലവന്റെ അധ്യക്ഷതയിലുള്ള വകുപ്പുതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വകുപ്പുതലപദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 2012 നവംബർ 1 മുതൽ "ഭരണഭാഷ-മാതൃഭാഷ" എന്ന വാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിച്ചു വരുന്നു. ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ദ്വിദിന ഭരണഭാഷാ പരിശീലനം നൽകി വരുന്നു. |
| (ബി) | ഭരണരംഗത്ത് മലയാളഭാഷ ഏർപ്പെടുത്തുന്നതിന് തടസ്സമായി നില്ക്കുന്ന മുഖ്യ ഘടകങ്ങൾ എന്തെല്ലാമാണ് ? | (ബി) | ഭരണരംഗത്ത് മലയാളഭാഷ ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വിമുഖതയുണ്ടോ എന്നറിയുന്നതിന് അന്വേഷണ പഠനം നടത്തി വിശദമായ റിപ്പോർട്ട് നൽകാൻ ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ